**മധുരമായ കുട്ടികളെ, നിങ്ങളുടെ സുഖത്തിന്റെ ദിനങ്ങൾ ഇപ്പോൾ വന്നു കൊണ്ടിരിക്കുകയാണ്, ലോക മര്യാദകളും കലിയുഗത്തിലെ കുല മര്യാദകളുമെല്ലാം ഉപേക്ഷിച്ച് ഇപ്പോൾ സമ്പാദിക്കൂ, ബാബയിൽ നിന്നും പൂർണ്ണമായ സമ്പത്തെടുക്കൂ.**

**ചോദ്യം**- ഏതൊരു പുരുഷാർത്ഥത്തിലൂടെ അന്തിമ നിമിഷത്തിലും ബാബയുടെ ഓർമ്മയിൽ പോകാം?
**ഉത്തരം**- ബാബ പറയുന്നു- കുട്ടികളെ, ഇതു വരെ നിങ്ങൾ എന്തെല്ലാം പഠിച്ചിട്ടുണ്ടോ, അതെല്ലാം മറന്ന് ഒരു കാര്യം മാത്രം ഓർമ്മിക്കൂ- മൗനം പാലിക്കൂ. സ്വയത്തെ ആത്മാവാണെന്ന് മനസ്സിലാക്കി ബാബയുടെ ഓർമ്മയിലിരിക്കുന്നതിനുള്ള പുരുഷാർത്ഥം ചെയ്യൂ, ബാബ കുട്ടികൾക്ക് വേറൊരു പ്രയാസവും നല്കുന്നില്ല എന്നാൽ കഷ്ടപ്പാടിൽ നിന്നും മോചിപ്പിക്കുന്നു. ദരിദ്രരായ കുട്ടികൾ വിവാഹ ആവശ്യങ്ങൾക്കായി കടം എടുക്കുന്നു, ബാബ അതിൽ നിന്നും മോചിപ്പിക്കുന്നു. ബാബ പറയുന്നു- കുട്ടികളെ, നിങ്ങൾ പവിത്രമാകുകയാണെങ്കിൽ അന്തിമ നിമിഷവും ബാബയുടെ ഓർമ്മയിലിരിക്കാം.

**ഗീതം**- ക്ഷമയോടെയിരിയ്ക്കൂ മനുഷ്യാ...

**ഓംശാന്തി**. ഇത് ഭക്തി മാർഗ്ഗത്തിലെ ഗീതമാണ്. അവർ ഇതിന്റെ അർത്ഥം മനസ്സിലാക്കുന്നില്ല. കേവലം കുട്ടികളേ മനസ്സിലാക്കുന്നുള്ളൂ. എന്തിനു വേണ്ടിയാണൊ നമ്മൾ പുരുഷാർത്ഥം ചെയ്തിരുന്നത്, ആ സുഖത്തിന്റെ ദിനങ്ങൾ വന്നു കൊണ്ടിരിക്കുന്നു. എത്ര പുരുഷാർത്ഥം ചെയ്യുന്നുവൊ അത്രയും സുഖം ലഭിക്കും. ശ്രീമത്തനുസരിച്ച് സഞ്ചി നിറയ്ക്കുന്നു. ഭക്തി മാർഗ്ഗത്തെ പറയുന്നത് ബ്രഹ്മാവിന്റെ രാത്രിയെന്നാണ്. പതിത പാവനനായ ബാബ എപ്പോൾ വരും എന്ന് അവർക്കറിയില്ല. ഇപ്പോൾ നിങ്ങൾ കുട്ടികൾക്കറിയാം കലിയുഗത്തിന്റെ അന്ത്യം, സത്യയുഗത്തിന്റെ ആദി, ഇതിനെയാണ് സംഗമയുഗം എന്നു പറയുന്നത്. ഇപ്പോൾ നിങ്ങൾ അവരെ കുംഭകർണ്ണന്റെ നിദ്രയിൽ നിന്നും എഴുന്നേൽപ്പിക്കുന്നു. മനുഷ്യർ ഒരേയൊരു പതിതപാവനൻ, ജ്ഞാനസാഗരനായ ബാബയെയാണ് ഓർമ്മിക്കുന്നത്. ജലത്തിന്റെ നദികൾ ഉത്ഭവിക്കുന്ന സാഗരത്തെ ആരും ഓർമ്മിക്കുന്നില്ല. അവിടെ നദികളുടെ സംഗമമാണ്, സാഗരത്തിന്റെയും നദികളുടെയുമല്ല. സാഗരവും നദികളുടെയും മിലനത്തിലാണ് വിശേഷതയുള്ളത്. സാഗരം തീർച്ചയായും വേണ്ടേ. സത്യയുഗത്തിന്റെ സ്ഥാപന ചെയ്യുന്ന സത്യമായ ബാബ നരനിൽ നിന്നും നാരായണനാകുന്നതിനുള്ള സത്യമായ കഥ കേൾപ്പിക്കുന്നു. ഓർമ്മിക്കുന്നതും ബാബയെ തന്നെയാണ്- ഹേ പതിത പാവനാ വരൂ. അതിനാൽ പരമാത്മാവ് വന്നാലേ ആത്മാക്കളുടെയും പരമാത്മാവിന്റെയും സംഗമത്തിലെ മിലനം എന്നു പറയാൻ സാധിക്കുകയുള്ളൂ. ഇതാണ് സത്യ സത്യമായ മിലനം. നിങ്ങൾക്ക് എഴുതാൻ സാധിക്കും- ആത്മാവും പരമാത്മാവും തമ്മിലുള്ള മിലനം ഒരേയൊരു പുരുഷോത്തമ സംഗമയുഗത്തിലാണ് നടക്കുന്നത്, അതിലൂടെ പതിത സൃഷ്ടി പരിവർത്തനപ്പെട്ട് തീർച്ചയായും പാവനമാകുന്നു. അതാണ് പാവനലോകം, ഇതാണ് പതിത ലോകം. ഇതാണ് സത്യമായ മിലനം, പതിത പാവനനായ ബാബ വന്ന് പതിത ആത്മാക്കളെ പാവനമാക്കി കൂടെ കൊണ്ടു പോകുന്നു. പതിത ലോകത്തെ പാവനമാക്കുന്നതിന് പരമാത്മാവും ആത്മാവും തമ്മിലുള്ള മിലനം നടക്കുന്നു. അതിനാൽ ഇതിന്റെ കാർട്ടൂണും ഉണ്ടാക്കണം. ബാബ ഇതെല്ലാം മുൻകൂട്ടി മനസ്സിലാക്കി തരുന്നു. ശിവരാത്രിയുടെ ദിനത്തിലാണ് ത്രിവേണിയിൽ പോകുന്നത്.ഇതെല്ലാം മനസ്സിലാക്കി കൊടുക്കുന്നതിനും ലഹരിയുണ്ടായിരിക്കണം. നന്നായി മനസ്സിലാക്കി കൊടുക്കുന്നവർ യുക്തിയോടെ മനസ്സിലാക്കി കൊടുക്കും. അല്ലാത്തവർ അതും ഇതും പറഞ്ഞു കൊണ്ടിരിക്കും. കുംഭ മേള സത്യമായിട്ടുള്ളതും അസത്യമായിട്ടുള്ളതും തെളിയിച്ചു മനസ്സിലാക്കി കൊടുക്കണം. ഇതാണ് സംഗമം- ഇപ്പോഴാണ് പതിത ലോകം പാവനമായി തീരുന്നത്. അതിനാൽ സത്യ സത്യമായ മിലനം ഇതാണ്. അവർ കുംഭകർണ്ണന്റെ അജ്ഞാന നിദ്രയിൽ ഉറങ്ങുന്നു. പരമാത്മാവിനെ സർവ്വവ്യാപിയെന്നു പറയുന്നു. ബാബ പതിത പാവനനാണ്,പാവനമാക്കാൻ ബാബയ്ക്ക് വരണം. നിങ്ങൾക്കറിയാം ഉയരുന്ന കലയിലേക്ക് പോകുന്നതിനുള്ള ഒരേയൊരു പുരുഷോത്തമ സംഗമയുഗമാണിത്. സത്യയുഗത്തിനു ശേഷം പടി താഴേയ്ക്ക് ഇറങ്ങുക തന്നെ വേണം. കഴിഞ്ഞു പോയ സമയത്തെ പറയാം, പൂർത്തിയായി എന്ന്. പഴയതായി- ആയി തീർത്തും പഴയതായി തീരും. നിങ്ങളുടെ സ്വസ്തികയും അങ്ങനെയാണ് ഉണ്ടാക്കപ്പെട്ടിരിക്കുന്നത്. സതോപ്രധാനം, സതോ, രജോ, തമോ....നിങ്ങൾക്കറിയാം നമ്മൾ ഇപ്പോൾ ബാബയിൽ നിന്നും സദാ സുഖത്തിന്റെ സമ്പത്ത് നേടുന്നതിനുള്ള പുരുഷാർത്ഥമാണ് ചെയ്യുന്നത്. ബാബ പുരുഷാർത്ഥവും വളരെ സഹജമാക്കി ചെയ്യിക്കുന്നു. ഒരു പ്രയാസവുമില്ല, കഷ്ടപ്പാടിൽ നിന്നും മോചിപ്പിക്കുന്നു. വിവാഹത്തിനൊക്കെ എത്ര ചിലവ് വേണ്ടി വരുന്നു. ദരിദ്രർക്ക് കടം എടുത്ത് പോലും വിവാഹം ചെയ്യിക്കേണ്ടി വരുന്നു. ബാബ ഈ കടത്തിൽ നിന്നെല്ലാം മുക്തമാക്കുന്നു. നരകത്തിലേക്ക് പോകുന്നതിൽ നിന്നും രക്ഷി

ക്കുന്നു, ചിലവിൽ നിന്നും രക്ഷിക്കുന്നു അതിനാൽ ഇവിടെ ദരിദ്രർ നിറയെ വരുന്നു. എത്ര നല്ല നല്ല കന്യകമാർ വന്നിരുന്നു, പെട്ടെന്ന് കാമത്തിന്റെ കൊടുങ്കാറ്റ് വന്നു, വിവാഹം ചെയ്തു. വിവാഹം ചെയ്തതിനു ശേഷം പശ്ചാത്തപിക്കുന്നു- വലിയ തെറ്റായി പോയി എന്ന്. സമയമെടുക്കുമല്ലോ. അതിനാൽ ബാബ രക്ഷിക്കാൻ വേണ്ടി എത്ര ശ്രമിക്കുന്നു.സമ്പന്നർക്ക് വരാൻ സാധിക്കില്ല. അവർ സ്വയവും സമ്പത്ത് നേടില്ല, മക്കളെ കൊണ്ട് സമ്പത്ത് നേടിപ്പിക്കുകയുമില്ല. ദരിദ്രരിലും വളരെ മോശമായ ആചാര രീതികളുണ്ട്. ലോക മര്യദകൾ, കുല മര്യാദകൾ അവരെ അടിച്ചേൽപ്പിക്കുന്നു. നല്ല രീതിയിൽ പഠിക്കാത്ത കുട്ടികൾ നരകത്തിലേക്ക് പോകുന്നു. ബാബ നരകത്തിൽ നിന്നും മോചിപ്പിക്കാനാണ് വന്നിരിക്കുന്നത്. ആരും രക്ഷപ്പെടുന്നില്ല. മൂക്കിൽ കയറ് കെട്ടി രക്ഷിക്കാൻ മൃഗങ്ങളൊന്നുമല്ലല്ലോ. മനസ്സിലാക്കി തരുന്നു. ബാബ കുട്ടികളുടെ രചയിതാവായത് കാരണം മനസ്സിലാക്കി തരുന്നു- കുട്ടികളെ നിങ്ങൾ സത്യമായ സമ്പാദ്യം ഉണ്ടാക്കു, നിങ്ങളുടെ കുട്ടികളെ കൊണ്ടും ചെയ്യിക്കൂ. എന്നിട്ടും എത്ര ഉരസൽ ഉണ്ടാകുന്നു. സ്ത്രീ വന്നാൽ ചിലപ്പോൾ പതി വരില്ല, പതി വന്നാൽ ചിലപ്പോൾ സ്ത്രീ വരില്ല, കുട്ടികൾ വരില്ല- അതിനാൽ ഉരസൽ ഉണ്ടാകുന്നു. ബാബ നന്നായി മനസ്സിലാക്കി തരുന്നു. മുഖ്യമായ കാര്യം പവിത്രതയാണ്.

കുട്ടികൾ എഴുതുന്നുണ്ട്- ബാബാ, ക്രോധം വന്നു. അപ്പോൾ ബാബ മനസ്സിലാക്കി തരുന്നു- നിങ്ങൾ കുട്ടികളോട് എന്തിന് ക്രോധിക്കുന്നു. ചഞ്ചലത കാണിച്ചുവെങ്കിൽ മുറിയിൽ പൂട്ടിയിട്ടോളൂ. കൈയ്യും കാലും കെട്ടിയിട്ടോളൂ അല്ലെങ്കിൽ ഭക്ഷണം കൊടുക്കാതിരിക്കൂ.അത് ക്രോധമല്ല. കൃഷ്ണനെ കാണിക്കുന്നുണ്ട്- യശോദ ഉരലിൽ കെട്ടിയിട്ടു എന്ന്. എന്നാൽ അങ്ങനെയൊരു കാര്യമേയില്ല. അവിടെ മര്യാദാ പുരുഷോത്തമർ വളരെ രമണീയമായ കുട്ടികളായിരിക്കും. ഇവിടെയും ചില കുട്ടികൾ വളരെ നല്ലതാണ്. സംസാരിക്കുന്നതിനുള്ള പെരുമാറ്റ രീതികൾ അവർക്കറിയാം. ഇവിടെ അനവധി കുട്ടികളുണ്ട്. ചിലർ ശ്രീമത്തനുസരിച്ച് നടക്കുന്നേയില്ല, നിയമമനുസരിച്ചല്ല നടക്കുന്നത്.നിയമങ്ങളുമുണ്ടല്ലോ. പട്ടാളത്തിൽ ജോലി ചെയ്യുന്നവർ ചോദിക്കാറുണ്ട്- അവിടത്തെ ഭക്ഷണം കഴിക്കേണ്ടി വരുന്നു, ബാബ എന്ത് ചെയ്യാം? ബാബ പറയുന്നു- ശുദ്ധമായത് കഴിക്കാൻ പരിശ്രമിക്കൂ. തീരെ നിവൃത്തിയില്ലായെങ്കിൽ ദൃഷ്ടി നല്കി കഴിക്കൂ, പിന്നെന്ത് ചെയ്യാൻ സാധിക്കും. റൊട്ടി തീർച്ചയായും ലഭിക്കുമല്ലോ, വെണ്ണ, തേൻ, ഉരുള കിഴങ്ങ് കഴിക്കാം. ഏത് ശീലമാക്കുന്നുവോ അത് തുടരാൻ സാധിക്കും. ഓരോ കാര്യവും ബാബയോട് ചോദിക്കണം. ബാബ വളരെ സഹജമാക്കി തരുന്നു. പവിത്രമാകുന്നതാണ് ഏറ്റവും നല്ലത്. കുട്ടികളെ പരിവർത്തനപ്പെടുത്തുന്നതിന് ചിലപ്പോൾ ചാട്ടവാറെടുത്ത് അടിക്കേണ്ടി വരുന്നു, ചില കുട്ടികൾ അങ്ങനെയാണ്, വീടിനെ പോലും നശിപ്പിക്കുന്നു. അച്ഛന്റെ സമ്പത്ത് തട്ടിയെടുത്ത് പേര് മോശമാക്കി കളയുന്നു. നിങ്ങൾ കുട്ടികളുടെ ബുദ്ധിയിലുണ്ട്- ഇപ്പോൾ നമ്മുടെ സുഖത്തിന്റെ ദിനങ്ങൾ വന്നു കൊണ്ടിരിക്കുന്നു, അപ്പോൾ തീർച്ചയായും നമ്മൾ പുരുഷാർത്ഥം ചെയ്ത് ഉയർന്ന പദവി പ്രാപ്തമാക്കണം. പുരുഷാർത്ഥത്തിലൂടെയാണ് പദവി ലഭിക്കുന്നത്. മമ്മാ ബാബ സിംഹാസനസ്ഥരായി തീരുന്നു. ജ്ഞാന ജ്ഞാനേശ്വരി തന്നെ പിന്നെ രാജ രാജേശ്വരിയായി തീരുന്നു. നിങ്ങൾക്കും ഈശ്വരൻ ജ്ഞാനം നല്കുന്നു, അതിനാൽ നിങ്ങളും ഈ ജ്ഞാനം പഠിച്ച് തനിക്ക് സമാനമാക്കുകയാണെങ്കിൽ രാജരാജേശ്വരിയായി മാറാം. മാതാപിതാവിനെ അനുകരിക്കണം. ഇതിൽ അന്ധവിശ്വാസത്തിന്റെ കാര്യമേയില്ല. സന്യാസിമാരുടെ ശിഷ്യൻമാരാകുന്നുണ്ട്, എന്നാൽ അനുകരിക്കുന്നില്ല. സന്യാസ ധർമ്മത്തിൽ പോകണം എന്നുള്ളവർ വീട്ടിൽ നിൽക്കില്ല. അവർ സന്യാസിയാകുന്നതിനുള്ള പുരുഷാർത്ഥം ചെയ്യും. ഡ്രാമയനുസരിച്ചാണ് ഭക്തി മാർഗ്ഗം ആരംഭിച്ചത്. സർവ്വരും സതോ, രജോ, തമോയിൽ വരുക തന്നെ വേണം. ഏറ്റവും ആദ്യം ശ്രീകൃഷ്ണനെ നോക്കൂ, കൃഷ്ണനും 84 ജന്മങ്ങൾ തീർച്ചയായും എടുക്കണം. ഇപ്പോൾ അന്തിമ സമയത്തായിരിക്കും, എന്നാലേ വീണ്ടും ആരംഭത്തിൽ വരാൻ സാധിക്കൂ. നമ്പർ വൺ ആയിരുന്ന ലക്ഷ്മീ നാരായണൻ ഇപ്പോൾ ലാസ്റ്റിലാണ്, വീണ്ടും നമ്പർ വണ്ണിൽ വരും. അവരെ ജഗന്നാഥൻ ആക്കിയത് ആരാണ്? എപ്പോൾ സമ്പത്ത് ലഭിച്ചു? നിങ്ങൾക്കറിയാം സംഗമത്തിൽ അവർക്ക് ഈ സമ്പത്ത് ലഭിച്ചു. മുഴുവൻ രാജധാനി സ്ഥാപിതമാകണം. ബ്രാഹ്മണർ 84 ജന്മങ്ങളെടുത്തു, ഇപ്പോൾ പാർട്ടഭിനയിച്ചു കൊണ്ടിരിക്കുന്നു. ഇത് വളരെ മനസ്സിലാക്കേണ്ട കാര്യമാണ്. എന്നാൽ ഓരോരുത്തരും ഓരോ രീതിയിലാണ് ധാരണ ചെയ്യുന്നത്, ഇതിൽ പുരുഷാർത്ഥത്തിന്റെ കാര്യമാണുള്ളത്. ബാബ പ്രജാപിതാ ബ്രഹ്മാവിന്റെ മുഖത്തിലൂടെ സന്മുഖത്ത് വന്ന് പറയുന്നു- ഞാൻ വന്നിരിക്കുന്നു, എന്നെ ഓർമ്മിക്കൂ എങ്കിൽ യോഗത്തിലൂടെ നിങ്ങളുടെ വികർമ്മം ഭസ്മമാകും. ആത്മാവ് പറയുന്നു- അതെ ബാബാ, ഞാൻ ഈ ചെവികളിലൂടെ കേൾക്കുന്നു. ശരീരമില്ലാതെ ബാബയ്ക്ക് എങ്ങനെ രാജയോഗം പഠിപ്പിക്കാൻ സാധിക്കും. ശിവ ജയന്തിയും തീർച്ചയായും ഉണ്ട്. ഞാൻ വരുന്നുണ്ട്, പക്ഷെ ആർക്കും അറിയില്ല.

ബാബ മനസ്സിലാക്കി തരുന്നു- ഞാൻ കല്പ കല്പം ബ്രഹ്മാവിന്റെ ശരീരത്തിലാണ് വരുന്നത്, ഇദ്ദേഹം 84 ജന്മങ്ങളെടുത്തിട്ടുണ്ട്, ഇതിൽ യാതൊരു വ്യത്യാസവുമില്ല. ബ്രഹ്മാവ് രാജ രാജേശ്വരനായിരുന്നു, ഇപ്പോൾ

ജ്ഞാന ജ്ഞാനേശ്വരനായി , ഇനി രാജ രാജേശ്വരനാകണം. ഇത് ഉണ്ടായതും ഉണ്ടാക്കപ്പെട്ടിട്ടുള്ളതുമായ ഡ്രാമയാണ്. പാടാറുണ്ട്– ബ്രഹ്മാ,വിഷ്ണു, ശങ്കരൻ. പ്രജാപിതാവെന്ന് ബ്രഹ്മാവിനെ തന്നെയാണ് പറയുന്നത്, വിഷ്ണുവിനേയോ ശങ്കരനേയോ പറയില്ല. പ്രജകൾ അർത്ഥം മനുഷ്യർ. പറയുന്നു– മനുഷ്യനെ തന്നെ ദേവതയാക്കുന്നു എന്ന്. ബാബ ചോദിക്കുന്നു– കുട്ടികളെ ഇപ്പോൾ സ്വർഗ്ഗത്തിലേക്ക് പോകില്ലേ? അർപ്പണമാകില്ലേ? ഞാൻ വന്നിരിക്കുകയാണ്–ഇപ്പോൾ എന്നെ ഓർമ്മിക്കൂ. എത്രത്തോളം സാധിക്കുന്നുവൊ ദേഹധാരികളുടെ ഓർമ്മ കുറയ്ക്കൂ.. നിങ്ങൾ കർമ്മയോഗികളാണ്, പകൽ എല്ലാം ചെയ്തോളൂ, എന്നാൽ അന്തിമത്തിൽ ബാബയുടെ ഓർമ്മ നില നില്ക്കുന്ന രീതിയിൽ ഓർമ്മയിലിരിക്കൂ. അല്ലായെങ്കിൽ ആരോടാണൊ മമത്വമുള്ളത് , അവരുടെയടുത്ത് ജന്മമെടുക്കേണ്ടി വരും. കുടുംബത്തിലിരുന്ന് കൊണ്ട് ബാബയെ ഓർമ്മിക്കാൻ പരിശ്രമമുണ്ട്. ബാബ പറയുന്നു– രാത്രിയിൽ ഉണരൂ. നിങ്ങളുടെ ആരോഗ്യം മോശമാകില്ല. യോഗത്തിലൂടെ ഒന്നും കൂടി ശക്തി ലഭിക്കും. സ്വദർശനചക്രധാരിയായി ചക്രം കറക്കൂ. ഹേ, നിദ്രയെ ജയിക്കുന്ന ഓമന കുട്ടീ, ആരുടെ രഥമാണോ ബാബ എടുത്തിരിക്കുന്നത് അവരോടാണ് പറയുന്നത്.

നിങ്ങൾക്കറിയാം ഇവിടെ തന്നെയാണ് രാജ രാജേശ്വരനാകുന്നത്, അതിനാൽ നിദ്രയെ ജയിക്കണം. പകൽ സേവനം ചെയ്യണം. ബാക്കി സമ്പാദ്യം രാത്രിയിൽ ചെയ്യണം. ഭക്തർ അതിരാവിലെ എഴുന്നേല്ക്കുന്നു. മാല ജപിക്കാൻ ഗുരുക്കന്മാർ അവരോട് പറയാറുണ്ട്. ജോലിയുടെയിടയിൽ ജപിക്കാൻ സാധിക്കില്ല. ചിലർ പോക്കറ്റിലിട്ട് മാല ജപിക്കുന്നു. അതിനാൽ അതിരാവിലെ എഴുന്നേറ്റ് ഓർമ്മിക്കണം. വിചാര സാഗര മഥനം ചെയ്യണം. ഓർമ്മയിലൂടെ തന്നെയാണ് വികർമ്മം ഭസ്മമാകുന്നത്. സദാ ആരോഗ്യശാലിയാകണമെങ്കിൽ സദാ ഓർമ്മിക്കണം എങ്കിലേ അവസാനം ബാബയുടെ ഓർമ്മയിൽ പോകാൻ സാധിക്കൂ. വളരെ ഉയർന്ന പദവി ലഭിക്കും, ഇതിന് കഷ്ടപ്പെടേണ്ട ആവശ്യമില്ല. ശാന്തമായിരിക്കണം, പഠിക്കണം.ബാക്കി എന്തെല്ലാം പഠിച്ചിട്ടുണ്ടോ അതിനെ മറക്കണം. കുട്ടികളെ– ആത്മാവാണെന്നു മനസ്സിലാക്കി ബാബയെ ഓർമ്മിക്കണം. ആത്മാവ് തന്നെയാണ് ശരീരത്തിലൂടെ കാര്യം ചെയ്യിക്കുന്നത്. ചെയ്യുന്നവനും ചെയ്യിപ്പിക്കുന്നവനും ആത്മാവാണ്. പരമപിതാ പരമാത്മാവും ഇദ്ദേഹത്തിലൂടെ കാര്യം ചെയ്യുന്നു. ആത്മാവും ചെയ്യുന്നു,ചെയ്യിക്കുന്നു. ഈ പോയിന്റസ് എല്ലാം നല്ല രീതിയിൽ ധാരണ ചെയ്യണം എങ്കിലേ യോഗ്യരാകാൻ സാധിക്കൂ. മനസ്സിലാക്കി മറ്റുള്ളവർക്ക് മനസ്സിലാക്കികൊടുക്കുന്നവരെയാണ് ബാബ യോഗ്യതയുള്ളവർ എന്നു പറയുന്നത്. അവർ സ്വർഗ്ഗത്തിൽ ഉയർന്ന പദവി നേടുന്നതിന് യോഗ്യരാണ്. മനസ്സിലാക്കി കൊടുക്കാത്തവർ, ഉയർന്ന പദവിക്ക് യോഗ്യതയില്ലാത്തവരാണെന്ന് മനസ്സിലാക്കുന്നു. ബാബ പറയുന്നു– രാജാവും റാണിയും ആകുന്നതിന് യോഗ്യരാകൂ. അവരെ തന്നെയാണ് സത്പുത്രർ എന്നു പറയുന്നത്. ഇത് മനസ്സിലാക്കേണ്ട കാര്യമാണ്, വേറെയൊന്നും ചെയ്യേണ്ട ആവശ്യമില്ല. സർവ്വ കാര്യങ്ങളിൽ നിന്നും ബാബ വിടുവിക്കുന്നു, കേവലം ഒരേയൊരു കാര്യം ഓർമ്മിക്കണം. അന്തിമ സമയത്ത് ആര് സത്രീയെ സ്മരിക്കുന്നുവോ......

സേവനയുക്തരായ കുട്ടികൾ മുരളിയിൽ നിന്ന് പെട്ടെന്ന് കാർട്ടൂൺ ഉണ്ടാക്കും. വിചാര സാഗര മഥനം ചെയ്യും. കുട്ടികൾ സേവനം ചെയ്യണം. സേവനയുക്തരായ കുട്ടികളുടെ മേൽ ബാബയുടെ ആശീർവാദം ഉണ്ടായിരിക്കും. ആശീർവാദവും നമ്പർവാർ ആയിരിക്കും. പരിധിയില്ലാത്ത ബാബ സർവ്വരെ പ്രതി പറയുന്നു– മാതാപിതാവിനെ അനുകരിക്കൂ. ബ്രഹ്മാവും ശിവബാബയിൽ നിന്നാണ് ജ്ഞാനം എടുക്കുന്നത്.ബ്രഹ്മാവ് ഉയർന്ന പദവി നേടുന്നു, അപ്പോൾ നിങ്ങൾ എന്തു കൊണ്ടില്ല? ഇപ്പോൾ അനുകരിക്കുകയാണെങ്കിൽ കല്പ കല്പം ഉയർന്ന പദവി ലഭിക്കും. ഇപ്പോൾ പരാജയപ്പെട്ടുവെങ്കിൽ കല്പ കല്പാന്തരം പരാജയപ്പെടും. ശരി.

വളരെക്കാലത്തെ വേർപാടിനുശേഷം തിരികെക്കിട്ടിയ മധുര മധുരമായ സന്താനങ്ങൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണകളും പുലർകാല വന്ദനവും. ആത്മീയ പിതാവിന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

## ധാരണയ്ക്കുള്ള മുഖ്യ സാരം:–

1) ബാബയുടെ ആശീർവാദം നേടുന്നതിന് സേവനയുക്തരാകണം. തനിക്കു സമാനമാക്കുന്നതിന്റെ സേവനം ചെയ്യണം. ഇപ്പോൾ ജ്ഞാന ജ്ഞാനേശ്വരിയായി പിന്നീട് രാജ രാജേശ്വരിയാകണം.

2) ഒരേയൊരു ബാബയുടെ ഓർമ്മയിലിരിക്കുന്നതിനുള്ള പരിശ്രമം ചെയ്യണം. ഒരു ദേഹധാരിയിലും

ആകർഷണം വെയ്ക്കരുത്. നിദ്രയെ ജയിക്കുന്നവരായി രാത്രിയിൽ സമ്പാദിക്കണം.

## വരദാനം:- തന്റെ സ്നേഹത്തിന്റെ ശീതള സ്വരൂപത്തിലൂടെ വികരാള ജ്വാലാരൂപത്തെപ്പോലും പരിവർത്തനപ്പെടുത്തുന്ന സ്നേഹീ മൂർത്തിയായി ഭവിക്കട്ടെ.

സ്നേഹത്തിന് മറുപടിയായി വരദാതാവായ ബാബ ഈ വരദാനം നൽകുന്നു-സദാ ഓരോ സമയത്തും ഏതൊരു ആത്മാവിനോടും ഏത് പരിതസ്ഥിതിയിലും സ്നേഹീ മൂർത്തിയായി ഭവിക്കട്ടെ. ഒരിക്കലും തന്റെ സ്നേഹീ മൂർത്തി, സ്നേഹ ശീലം, സ്നേഹീ വ്യവഹാരം, സ്നേഹത്തിന്റെ സംബന്ധ-സമ്പർക്കം ഉപേക്ഷിക്കരുത്, ഇത് മറക്കരുത്. ഏതെങ്കിലും വ്യക്തിയാകട്ടെ, പ്രകൃതിയാകട്ടെ, മായയുടെ ഏത് വികരാള രൂപവുമാകട്ടെ, ജ്വാലാരൂപം ധാരണ ചെയ്ത് അടുത്ത് വന്നാലും അവയെ സദാ സ്നേഹത്തിന്റെ ശീതളതയിലൂടെ പരിവർത്തനം ചെയ്തുകൊണ്ടിരിക്കുക. സ്നേഹത്തിന്റെ ദൃഷ്ടി, ഭാവന, കർമ്മത്തിലൂടെ സ്നേഹീ സൃഷ്ടി നിർമ്മിക്കുക.

## സ്ലോഗൻ:- പ്രതിസന്ധികളെ മറികടക്കുന്നതിലൂടെ ശക്തി വരുന്നു, അതിനാൽ അവയെക്കണ്ട് പരിഭ്രമിക്കരുത്.

**ലൗലീന സ്ഥിതിയുടെ അനുഭവം ചെയ്യൂ** : ലൗലീന സ്ഥിതിയുള്ള സമാന ആത്മാക്കൾ സദാ സമയത്തെ യോഗിയാണ്. യോഗം ചെയ്യുന്നവരല്ല, മറിച്ച് സ്നേഹത്തിൽ ലയിച്ചിരിക്കുന്നവർ തന്നെയാണ്. വേറിട്ടതല്ലെങ്കിൽ പിന്നെ എന്തിന് ഓർമ്മിക്കണം! സ്വതവേ യോഗത്തിൽ തന്നെയാണ്. എവിടെ കൂടെയുണ്ടോ അവിടെ ഓർമ്മ സ്വതവേ ഉണ്ടായിരിക്കും. അതിനാൽ സമാന ആത്മാക്കളുടെ സ്ഥിതി കൂടെയിരിക്കുന്നതിന്റെയാണ്, ഉൾക്കൊണ്ടിരിക്കുന്നതിന്റേതാണ്.